ഇതും ഗവൺമെന്റിന്റെ മുമ്പാകെ ഇരിക്കുകയാണ്. രണ്ട് വശവും പരിഗണിച്ചു കൊണ്ട് ഏറ്റവും ഉചിതമായ തീരുമാനമെടുക്കാൻ വേണ്ടി ഒരു കമ്മിറ്റിയെ ഗവൺമെന്റ് നിയോഗിച്ചുകഴിഞ്ഞിട്ടുണ്ട്. ശ്രീ. ആര്യാടൻ മുഹമ്മദ് അടക്കമുള്ളവരുടെ പരാതികൾ പരിഗണിക്കാൻവേണ്ടി പ്രിൻസിപ്പൽ സെക്രട്ടറി, വൈൽഡ് ലൈഫ് ആന്റ് ഫോറസ്റ്റ് നയിക്കുന്ന കമ്മിറ്റിയിൽ പത്ത് മെമ്പർമാരുണ്ട്. കർഷകരുടെ, വൈൽഡ് ലൈഫ് എക്സ്പെർട്ടുകളുടെയും ശാസ്ത്രജ്ഞരുടെയും കൃഷി ഡയറക്ടറുടെയുമെല്ലാം പങ്കാളിത്തമുള്ള കമ്മിറ്റിയോട് രണ്ട് മാസത്തിനകം റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. അത് കിട്ടിക്കഴിഞ്ഞാൽ ഉടനെതന്നെ ഗവൺമെന്റ് സാദ്ധ്യമായതൊക്കെ ചെയ്യുമെന്ന് ഞാൻ ഉറപ്പുനൽകുകയാണ്.

(4) പാരാമെഡിക്കൽ സ്റ്റാഫിനെയും സർജനെയും നിയമിക്കാൻ നടപടി

ശ്രീ. സി. കെ. സദാശിവൻ: സർ, കായംകുളം ഗവൺമെന്റ് ആശുപത്രിയിൽ സർജന്റെ തസ്തിക നിർത്തലാക്കിയിരിക്കുകയാണ്. അത് പുനഃസ്ഥാപിക്കാൻ അടിയന്തരനടപടി സ്വീകരിക്കണം. അതുപോലെതന്നെ പാരാമെഡിക്കൽ സ്റ്റാഫിന്റെ കുറവ് ആശുപത്രിയുടെ പ്രവർത്തനത്തെ വല്ലാത്ത രൂപത്തിൽ ബാധിച്ചിരിക്കുകയാണ്. നാഷണൽ ഹൈവേയുടെ ഓരത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രിയിൽ വാഹന അപകടത്തിലും മറ്റുംപെട്ട് അടിയന്തര ചികിത്സയ്ക്കായി നിരവധി പേർ എത്തുന്നുണ്ട്. അവർക്ക് വേണ്ടരീതിയിലുള്ള ചികിത്സ ലഭിക്കാത്തതുകൊണ്ട് മരണം പോലും സംഭവിക്കുന്നുണ്ട്. ആ ആശുപത്രിയിൽ സർജന്റെ സേവനം ലഭ്യമല്ലാത്തതുകൊണ്ട് അവിടെ വരുന്ന രോഗികൾ സ്വകാര്യ ആശുപത്രികളെ ശരണം പ്രാപിക്കുന്ന സ്ഥിതിയുമുണ്ട്. പാരാമെഡിക്കൽ സ്റ്റാഫിന്റെ കുറവും ഒരു പ്രധാന കാരണമാണ്; ഫാർമസിസ്റ്റ് തസ്തികയിൽ പകരം ഒന്നാണുള്ളത്. അറ്റൻഡർ ഗ്രേഡ് എട്ടിന് പകരം രണ്ടാണ് ഉള്ളത്. ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന പ്രശ്നമാണിത്. അതുകൊണ്ട് പാരാമെഡിക്കൽ സ്റ്റാഫിനെ അടിയന്തരമായി നിയമിക്കുകയും സർജന്റെ തസ്തിക പുനഃസ്ഥാപിക്കുകയും ചെയ്യണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. ഏഴു ഡോക്ടർമാർ മാത്രമുള്ള ആശുപത്രിയെ താലൂക്ക് ആശുപത്രിയാക്കി, 17 ഡോക്ടർമാരുടെ തസ്തിക തന്നെയുണ്ട്. ഇപ്പോൾ അവിടെ പത്ത് ഡോക്ടർമാർ വർക്ക് ചെയ്യുന്നുണ്ട്. പാരാമെഡിക്കൽ സ്റ്റാഫിന്റെ കാര്യത്തിൽ എന്താണ് വേണ്ടതെന്നുവച്ചാൽ ചെയ്യുന്നതാണ്.

(5) രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനം

മി. സ്പീക്കർ.: ഈ വിഷയം സംബന്ധിച്ച് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. സി. എം. ദിനേശ് മണി: സർ, കൊച്ചി തുറമുഖം കേരളത്തിന്റെ പുരോഗതിയിലും അഭിവൃദ്ധിയിലും വഹിച്ച പങ്ക് പ്രത്യേകം എടുത്തു

LIBRARY ARCHIVES Kerala Legislative Assembly

പറയേണ്ടതില്ല. ഇപ്പോൾ കൊച്ചി തുറമുഖത്തിന്റെ ഭാഗമായുള്ള രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ സംരക്ഷിച്ച് നിലനിർത്തികൊണ്ട് വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ പ്രവർത്തിയാരംഭിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് കഴിഞ്ഞ ഒരാഴ്ചയിലധികമായി പതിനായിരത്തിൽപ്പരം തൊഴിലാളികൾ പണിമുടക്ക് സമരത്തിലാണ്. ഈ പണിമുടക്ക് സമരത്തെ തുടർന്ന് ഇന്നലെ ഒരു മീറ്റിംഗ് വിളിച്ചിരുന്നു. അതിൽ നിന്ന് പോർട്ട് ട്രസ്റ്റ് ചെയർമാൻ ക്ഷുഭിതനായി ഇറങ്ങിപ്പോയി എന്നൊരു ആക്ഷേപം ഉണ്ടായിട്ടുണ്ട്. കൊച്ചി തുറമുഖ ട്രസ്റ്റ് പടിപടിയായി രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ പ്രവർത്തനം നിർത്തലാക്കികൊണ്ടിരിക്കുകയാണ്. അവിടെ ബൾക്ക് സാധനങ്ങൾ സ്റ്റോർ ചെയ്യുന്ന തടി, സൾഫർ, കൽക്കരി പോലുള്ള സാധനങ്ങൾ സ്റ്റോർ ചെയ്യുന്ന മേഖല എന്നിവ പൂർണ്ണമായും വിജനമായി കൊണ്ടിരിക്കുന്നു. ക്രെയിനുകളെല്ലാം നിർത്തിക്കൊണ്ടിരിക്കുന്നു. ഗോഡൗണുകളൊക്കെ പൊളിച്ച് നിരത്തിക്കൊണ്ടിരിക്കുകയാണ്. സ്മാർട്ട് സിറ്റിയുടെ പ്രശ്നമാണ് ഇവിടെയും വരുന്നത്. ഇൻഫോ പാർക്ക് സ്മാർട്ട് സിറ്റിക്കു വേണ്ടി ഇല്ലായ്മ ചെയ്യാൻ ശ്രമിച്ച അതേ സമീപനം വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനുവേണ്ടി രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുകയാണ്. ഇതിന്റെ ഗുണം കിട്ടാൻ പോകുന്നത് ദുബായ് പോർട്ട് വേൾഡിനാണ്, അത് സ്മാർട്ട് സിറ്റിയുടെ ഒരു ഭാഗമാണ്. ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. കാരണം ഇവിടെ ആഭ്യന്തര കാർഗോ മൂവ്മെന്റ്സ് നടക്കുന്നതാണ്. ആഭ്യന്തര കാർഗോ ടെർമിനൽ രാജീവ് ഗാന്ധി ടെർമിനലുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ എന്നുള്ള നിലയ്ക്കാണ് വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ വികസിപ്പിക്കുന്നത്. ഇതിന്റെ ഫലമായി രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ നിർത്തൽ ചെയ്താൽ ദോഷമാണ് സംഭവിക്കാൻ പോകുന്നത്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ ഇപ്പോൾ മുപ്പതു വർഷത്തേയ്ക്കാണ് ബി.ഒ.ടി. വ്യവസ്ഥയിൽ ദുബായ് പോർട്ട് വേൾഡ് എടുക്കുന്നത്. അവർക്ക് ഭീമമായ കൊള്ളലാഭമടിക്കാൻ സാധിക്കും. അതു കൊണ്ട് കൊച്ചിയെ സംബന്ധിച്ചിടത്തോളം വലിയൊരു ദുരന്തമായിരിക്കും സംഭവിക്കുന്നത്. രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ നിലനിർത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഒരു സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെ കണ്ട് ഈ ആവശ്യം ഉന്നയിക്കണം എന്നാണ് എനിക്ക് സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള) : സർ, വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനം ആരംഭിക്കുമ്പോൾ വെല്ലിംഗ്ടൺ ഐലന്റിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനം തുടരേണ്ടതിന്റെ ആവശ്യകതയാണ് ബഹുമാനപ്പെട്ട സി. എം. ദിനേശ് മണി സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. വല്ലാർപാടത്ത് ഒരു അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ബി.ഒ.ടി. വ്യവസ്ഥയിൽ ആരംഭിക്കുന്നതിനുവേണ്ടി കൊച്ചിൻ പോർട്ട് ട്രസ്റ്റും

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ കമ്പനിയായ ദുബായ് പോർട്ട്സ് വേൾഡും തമ്മിൽ ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരാറിലെ വ്യവസ്ഥകൾ പ്രകാരം വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലൂടെ ചരക്ക് കൈകാര്യം ചെയ്യുന്നത് 2.5 മില്ല്യൺ ടി.ഇ.യു. എത്തുന്നതുവരെ തുടർച്ചയായി 3 വർഷത്തേയ്ക്ക് സമീപത്ത് മറ്റ് യാതൊരുവിധ കണ്ടെയ്നറുകളും കൈകാര്യം ചെയ്യുന്നതിന് മറ്റ് ടെർമിനലുകൾ ലൈസൻസർ ഓപ്പറേറ്റ് ചെയ്യാൻ പാടില്ല എന്നതാണ്. അതേസമയം ഡിഫൻസ് വെസൽസും കോസ്റ്റ് വെസൽസും ലൈസൻസർക്ക് കൈകാര്യം ചെയ്യാനാകുമെന്ന് പ്രസ്തുത കരാറിൽ പറഞ്ഞിട്ടുണ്ട്. ലൈസൻസറുടേയും ലൈസൻസിയുടേയും ഉഭയസമ്മതപ്രകാരമുള്ള വ്യവസ്ഥകൾക്കനുസൃതമായേ കോസ്റ്റൽ വെസൽസ് ലൈസൻസർക്ക് കൈകാര്യം ചെയ്യാനാകുവെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതുകൊണ്ട് ദുബായ് പോർട്ട്സ് വേൾഡിന്റെ അനുമതിയില്ലാതെ രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ ഓപ്പറേറ്റ് ചെയ്യാൻ ആവില്ലെന്നാണ് കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഇതുമായി ബന്ധപ്പെട്ട് അറിയിച്ചിട്ടുള്ളത്. എന്നാൽ രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനലിന്റെ കോസ്റ്റൽ കണ്ടെയ്നർ ക്രയവിക്രയ പ്രവർത്തനങ്ങൾ തുടരുന്നതിൽ ദുബായ് പോർട്ട്സ് വേൾഡ് വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട് എന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഇതിനകം അറിയിച്ചിട്ടുണ്ട്. അതേസമയം രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനം നിർത്തലാക്കിയാൽ ഏകദേശം 5000-ൽപ്പരം തൊഴിലാളികൾക്ക് ദൈനംദിനം ചെയ്തുവരുന്ന തൊഴിൽ നഷ്ടപ്പെടുന്ന സ്ഥിതി ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ യഥാർത്ഥത്തിൽ ഈ നാടിന്റെയും നമ്മുടെ രാജ്യത്തിന്റെയും ഒരു പൊതുസ്വത്താണ്. ആ പൊതുസ്വത്ത് അങ്ങനെ നിലനിറുത്തികൊണ്ടുതന്നെ മദർ വെസലുകൾ വരുന്ന ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായി പ്രവർത്തിപ്പിക്കുകയും അതോടൊപ്പം രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ ഒരുഡെഡിക്കേറ്റഡ് കാർഗോ ടെർമിനലായോ അതല്ലെങ്കിൽ ഒരു കോസ്റ്റൽ ഷിപ്പിംഗ് ടെർമിനലായോ തുടർന്നും കാര്യക്ഷമമായി പ്രവർത്തിപ്പിക്കണം എന്നതാണ് കേരള സർക്കാർ ഉദ്ദേശിക്കുന്നത്. ഈ കാര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് തൊഴിലാളികളുടെ ജോലിസ്ഥിരതയും താല്പര്യങ്ങളും പരിഗണിച്ച് തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 5-2-2011-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്ത് എഴുതിയിട്ടുണ്ട്.

(ഒ) ആലപ്പുഴ ജനറൽ ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. എ. എ. ഷുക്കൂർ.: സർ, ഈ സഭയിൽ ഞാൻ വന്നിട്ട് ഒരു വർഷവും മൂന്ന് മാസവുമായി. ഇതിനിടയിൽ മൂന്നു പ്രാവശ്യം ഞാൻ ഇതേ വിഷയം ഇവിടെ ഉന്നയിച്ചിട്ടുണ്ട്. ആദ്യത്തെ തവണ കാളിംഗ് അറ്റൻഷനിലൂടെയാണ് ഉന്നയിച്ചത്. ആലപ്പുഴ ജനറൽ ആശുപത്രിയുടെ സ്ഥിതി വളരെ ശോചനീയമാണ്. പത്തിനാറു ഡോക്ടർമാരുടെ ഒഴിവ് ഇപ്പോൾ നിലവിലുണ്ട്. പതിനേഴോളം പാരാമെഡിക്കൽ സ്റ്റാഫിന്റെയും കൂടാതെ നേഴ്സുമാരുടെയും ഒഴിവുകൾ ഉണ്ട്. പനിവാർഡിൽ 36 കിടക്കകളുള്ളിടത്ത് 79 പേരെ അഡ്മിറ്റ് ചെയ്തിരിക്കുന്നു. ഒരു ഡോക്ടറുടെ സേവനം മാത്രമാണ് അവിടെ ലഭിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly